# 2014 ജനുവരി 14ന് കെആർഎൽസിബിസി ആരാധനക്രമത്തെക്കുറിച്ച് എടുത്ത തീരുമാനങ്ങൾ

2014 ജനുവരി പതിനൊന്നും പന്ത്രണ്ടും തീയതികളിൽ കൊച്ചി ആൽഫ പാസ്റ്ററൽ സെന്ററിൽ കൂടിയ കെ.ആർ.എൽ.സി.സി ജനറൽബോഡിയുടെ ചർച്ചാവിഷയം ആരാധനക്രമ നവീകരണമായിരുന്നു. ഇതിനൊരുക്കമായി കേരളത്തിലെ എല്ലാ ലത്തീൻ രൂപതകളിലും ആരാധനക്രമത്തെപ്പറ്റി ചർച്ചചെയ്യുന്നതിനായി ചോദ്യാവലി അയച്ചിരുന്നു. ഇതുവഴി കേരളത്തിന്റെ ആരാധനക്രമത്തിന്റെ തത്സ്ഥിതിയെക്കുറിച്ചും ഈ മേഖലയിൽ നിലനില്ക്കുന്ന അപഭ്രംശങ്ങളെക്കുറിച്ചും നവീകരണ നിർദേശങ്ങളെക്കുറിച്ചും രൂപതാ അജപാലനസമിതിയിലും മറ്റുതലങ്ങളിലും സമഗ്രമായ ചർച്ച നടന്നു. ഇതിൽനിന്നുരുത്തിരിഞ്ഞ നിർദേശങ്ങളെ ക്രോഡീകരിച്ചുകൊണ്ട് പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും വിവിധഗ്രൂപ്പുകളിൽ വിശദമായ ചർച്ച നടക്കുകയും ചെയ്തു. ഇതിനെതുടർന്ന് ആരാധനക്രമത്തിലെ അപഭ്രംശങ്ങളെക്കുറിച്ചും നവീകരണ നിർദ്ദേശങ്ങളെക്കുറിച്ചുമുള്ള കരടുരേഖ മെത്രാൻസമിതിക്ക് സമർപ്പിച്ചു. ജനുവരി 13 -ാം തീയതി റീജണൽ ലിറ്റർജി കമ്മീഷൻ സെക്രട്ടറിമാരുടെയും രൂപതാ ലിറ്റർജി കമ്മീഷൻ ഡയറക്ടേഴ്സിന്റെയും ആരാധനക്രമ വിദഗ്ധരുടെയും സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ മെത്രാന്മാർ ഈ കരടുരേഖ വിശകലനം ചെയ്തു. തുടർന്ന് 14 -ാം തീയതി കെ.ആർ.എൽ.സി.ബി.സി താഴെപറയുന്ന കാര്യങ്ങളെക്കുറിച്ച് തീരുമാനമെടുക്കുകയും മേലിൽ അപഭ്രംശങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നിർദേശങ്ങൾ നല്കുകയും ചെയ്തു.

## കേരള ലത്തീൻ മെത്രാൻ സമിതി (കെആർഎൽസിബിസി)യുടെ തീരുമാനങ്ങൾ

1. ദിവ്യബലിയിൽ ശരീരനിലയുടെ ഏകീകരണത്തിനായി '' പരിശുദ്ധൻ'' *(sanctus)* കഴിഞ്ഞതിനുശേഷം സമാപനസ്തുതിഗീതം *(doxology)* തീരുന്നതുവരെ എല്ലാവരും മുട്ടുകുത്തുന്നു. ''ഇതാ ദൈവത്തിന്റെ കുഞ്ഞാട്'' എന്ന പ്രാർത്ഥനയുടെ സമയത്ത് എല്ലാവരും നില്ക്കുന്നു.[1]

2. ആദ്യകുർബാനസ്വീകരണത്തിന് 8 വയസ്സെങ്കിലും പൂർത്തിയായിരിക്കണം. സ്ഥൈര്യലേപനത്തിന് 11 വയസ്സെങ്കിലും പൂർത്തിയായിരിക്കണം. ആദ്യകുർബാനസ്വീകരണവും സ്ഥൈര്യലേപനവും ഒരുമിച്ച് നടത്താൻ പാടില്ല.[2]

3. അതാതു രൂപതകളിലെ ധ്യാനകേന്ദ്രങ്ങളിലെയും സന്യാസഭവനങ്ങളിലെയും തിരുക്കർമ്മങ്ങൾ ആരാധനക്രമനിർദേശങ്ങൾ അനുസരിച്ച് നടക്കുന്നുവെന്ന് രൂപതാദ്ധ്യക്ഷൻ ഉറപ്പുവരുത്തേണ്ടതാണ്.

---

[1] പ്രവേശനഗാനം ആരംഭിക്കുന്നതുമുതൽ സമിതിപ്രാർത്ഥന തീരുന്നതുവരെ എല്ലാവരും നില്ക്കുന്നു. വചനപ്രഘോഷണകർമ്മത്തിൽ അല്ലേലുയ ഗീതത്തിനുമുമ്പുവരെ എല്ലാവരും ഇരിക്കുന്നു. അല്ലേലുയഗീതം മുതൽ സുവിശേഷപ്രഘോഷണം തീരുന്നതുവരെ നില്ക്കുന്നു. സുവിശേഷപ്രസംഗസമയത്ത് ഇരിക്കുന്നു. വിശ്വാസപ്രമാണത്തിനും വിശ്വാസികളുടെ പ്രാർത്ഥനയ്ക്കും എല്ലാവരും നില്ക്കുന്നു. കാഴ്ചവയ്പുസമയത്ത് ( കാഴ്ചവയ്പുപ്രദക്ഷിണം ഉൾപ്പെടെ) എല്ലാവരും ഇരിക്കുന്നു. '' സഹോദരരേ എന്റെയും നിങ്ങളുടെയും'' എന്ന പുരോഹിതന്റെ ക്ഷണം മുതൽ '' പരിശുദ്ധൻ'' തീരുന്നതുവരെ എല്ലാവരും നില്ക്കുന്നു. പരിശുദ്ധൻ കഴിഞ്ഞതിനുശേഷം സമാപനസ്തുതിഗീതം തീരുന്നതുവരെ എല്ലാവരും മുട്ടുകുത്തുന്നു. കർത്തൃപ്രാർത്ഥനയ്ക്കുള്ള ക്ഷണം മുതൽ ദിവ്യകാരുണ്യസ്വീകരണം വരെ എല്ലാവരും നില്ക്കുന്നു. ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം ഇരിക്കുകയോ മുട്ടുകുത്തുകയോ ആവാം. ദിവ്യഭോജനപ്രാർത്ഥനയ്ക്കായി '' നമുക്കു പ്രാർത്ഥിക്കാം '' എന്ന ക്ഷണം മുതൽ അവസാനം വരെ എല്ലാവരും നില്ക്കുന്നു. ധൂപമുള്ളപ്പോൾ കാഴ്ചദ്രവ്യങ്ങൾ ഒരുക്കിയതിനുശേഷം ജനങ്ങളെ ധൂപിക്കുന്നതിനുമുമ്പ് എല്ലാവരും എഴുന്നേല്ക്കുന്നു.

[2] ആദ്യകുർബാന സ്വീകരണത്തിനുമുമ്പ് കുമ്പസാരമെന്ന കൂദാശയ്ക്കായി ആവശ്യമായ ഒരുക്കം നടത്തേണ്ടതാണ്.

4. ടിവി ചാനലുകളിൽ തിരുക്കർമ്മങ്ങൾ ആരാധനക്രമനിർദേശങ്ങൾക്കനുസരിച്ച് സംപ്രേഷണം ചെയ്യുന്നുവെന്ന് റീജണൽ ലിറ്റർജി കമ്മീഷൻ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.[3]

5. അൾത്താരശുശ്രൂഷകർ ചുവപ്പ് നീണ്ട അങ്കിയും, (അരക്കെട്ടും) അതിനുമുകളിൽ വെളുത്ത ചെറിയഅങ്കിയും ധരിക്കേണ്ടതാണ്.[4]

6. സമാധാനാശംസ നല്കുന്നത് കൂപ്പിയ കരങ്ങളോടെ *(Anjali Hasta)* ആയിരിക്കും.

7. ദിവ്യകാരുണ്യസ്വീകരണം നാവിൽമാത്രമേ പാടുള്ളൂ.

8. അറിയിപ്പുകളും വിവാഹപരസ്യവും വായിക്കുന്നത് ദിവ്യഭോജനപ്രാർത്ഥനയ്ക്കുശേഷമായിരിക്കണം.

9. 2014 നവംബർ 30-നുശേഷം പരിഷ്കരിച്ച വേദപാഠകങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

10. ‘‘ ദിവ്യപൂജാക്രമം ഗാനരൂപത്തിൽ ’’ എന്ന ഗ്രന്ഥം നിലനിർത്താനും ദിവ്യപൂജാക്രമത്തിന്റെ പുതിയ മൂന്നു ഈണങ്ങൾ കൂടെ ചേർത്ത് വിപുലീകരിക്കാനും തീരുമാനിച്ചു.

11. സമാപനസ്തുതിഗീതം *(doxology)* കഴിഞ്ഞതിനുശേഷം മൂന്നോ ആറോ കുട്ടികളെ ഉൾപ്പെടുത്തി ഹ്രസ്വമായ ഗാനത്തോടുകൂടി ആരതി നടത്താവുന്നതാണ്.

12. ദേവാലയത്തിൽ പ്രവേശിക്കുന്നവരുടെ വസ്ത്രധാരണം ദേവാലയത്തിന്റെ പരിശുദ്ധിക്കും ക്രിസ്തീയ പാരമ്പര്യത്തിനും അനുയുക്തമായിരിക്കണം.

13. മെത്രാന്റെ ഇടയലേഖനങ്ങൾ പുരോഹിതനോ ഡീക്കനോ സുവിശേഷപ്രസംഗത്തിനുപകരം വായിക്കേണ്ടതാണ്. മെത്രാന്റെ വിജ്ഞാപനം *(circular)* അറിയിപ്പുകളുടെ സമയത്ത് വിശദീകരിക്കുകയോ നോട്ടീസ് ബോർഡിൽ ഇടുകയോ ചെയ്യാവുന്നതാണ്.

---

[3] ദേവാലയത്തിൽ പോകാൻ സാധിക്കാത്ത വൃദ്ധജനങ്ങൾക്കും രോഗികൾക്കും ടി.വി. ചാനലുകളിലെ തിരുക്കർമ്മങ്ങൾ ഉപകരിക്കുന്നുണ്ട്. എന്നാൽ, അവ ഒരിക്കലും ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് പകരമാകില്ല.

[4] നിലവിൽ അൾത്താര ശുശ്രൂഷകർ ഉപയോഗിക്കുന്ന ഔദ്യോഗികവസ്ത്രം ഇതിൽനിന്നു വ്യത്യസ്ഥമാണെങ്കിൽ അവ മാറ്റുമ്പോൾ (Replacement) മേല്പറഞ്ഞ ഔദ്യോഗിക വസ്ത്രമേ ഉപയോഗിക്കാവൂ.